## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4381 26.06.2014 -ലെ മറുപടിയ്ക്ക്

## നെന്മാറ മണ്ഡലത്തിൽ ആർട്സ് &സയൻസ് കോളേജ് അനുവദിക്കുന്നതിനുള്ള നടപടി

| *ചോദ്യം* | *ഉത്തരം* |
|---|---|
| ശ്രീ. വി.ചെന്താമരാക്ഷൻ | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് കഴിഞ്ഞവർഷം എത്ര ആർട്സ് & സയൻസ് കോളേജുകളാണ് അനുവദിച്ചത് എന്ന് വിശദമാക്കുമോ; | (എ) | പതിമൂന്ന് കോളേജുകൾ<br>1. താനൂർ (സർക്കാർ മേഖല)<br>2. കൊടുവള്ളി (സർക്കാർ മേഖല)<br>3. കൊണ്ടോട്ടി (സർക്കാർ മേഖല)<br>4. മങ്കട (സർക്കാർ മേഖല)<br>5. ബാലുശ്ശേരി (സർക്കാർ മേഖല)<br>6. തൃത്താല (സർക്കാർ മേഖല)<br>7. ചേലക്കര (സർക്കാർ മേഖല)<br>8. കാട്ടാക്കട (സർക്കാർ മേഖല)<br>9. തലശ്ശേരി (സർക്കാർ മേഖല)<br>10. പയ്യന്നൂർ (സർക്കാർ മേഖല)<br>11. നെയ്യാറ്റിൻകര (സർക്കാർ മേഖല)<br>12. വേങ്ങര (എയ്ഡഡ് മേഖല)<br>13. നാദാപുരം (സർക്കാർ മേഖല)<br>എന്നീ കോളേജുകൾ ആണ് 2013-14 അദ്ധ്യയന വർഷം അനുവദിച്ചിട്ടുള്ളത്. |
| (ബി) | ആർട്സ് & സയൻസ് കോളേജ് അനുവദിക്കുന്നത് സംബന്ധിച്ച മാനദണ്ഡം വിശധമാക്കുമോ; | (ബി) | നിലവിൽ സർക്കാർ / എയ്ഡഡ് ആർട്സ് & സയൻസ് കോളേജുകൾ ഇല്ലാത്ത നിയമസഭ നിയോജക മണ്ഡലങ്ങളിൽ 5 ഏക്കർ സ്ഥലവും കോളേജ് താൽക്കാലികമായി പ്രവർത്തിക്കുന്നതിന് ആവശ്യമായ കെട്ടിടവും ലഭ്യമാക്കുന്ന മണ്ഡലങ്ങളിലാണ് ആർട്സ് & സയൻസ് കോളേജ് ആരംഭിക്കുന്നത്. ഇതിനാവശ്യമായ തുക ബന്ധപ്പെട്ട എം.എൽ.എ. മാരുടെ ആസ്തിവികസന ഫണ്ടിൽ നിന്നും കണ്ടെത്തേണ്ടതാണ്. |
| (സി) | നെന്മാറ നിയോജകമണ്ഡലത്തിലെ മുതലമട, കൊല്ലങ്കോട്, വടവന്നൂർ, | (സി) | നെന്മാറ നിയോജകമണ്ഡലത്തിൽ ഒരു എയ്ഡഡ് ആർട്സ് & സയൻസ് |

| | | | |
|---|---|---|---|
| | പുതുനഗരം, കൊടുവായൂർ, പല്ലശ്ശന, എലവഞ്ചേരി എന്നീ പഞ്ചായത്തുകളിലെ ഹയർ സെക്കണ്ടറി സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് ഉപരിപഠനത്തിന് സൗകര്യപ്രദമായി കൊല്ലങ്കോട് കേന്ദ്രമായി ഒരു ആർട്സ് & സയൻസ് കോളേജ് അനുവദിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ? | | കോളേജ് നിലവിലുള്ളതിനാൽ മേൽ പ്രസ്താവിച്ച മാനദണ്ഡപ്രകാരം നെന്മാറ നിയോജകമണ്ഡലത്തിൽ പുതിയ സർക്കാർ ആർട്സ് & സയൻസ് കോളേജ് അനുവദിക്കാൻ നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ